## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.750** **3/11/2011-ൽ മറുപടിയ്ക്ക്**

### ഇ.എസ്.ഐ. പദ്ധതികൾക്കായി ആക്ടീവ് വോയ്സ് റെസ്പോൺസ് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എം.എ.വാഹീദ് :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി: | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ.പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിലെ അഭിപ്രായങ്ങൾ ആരായാനും പരാതികൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ അഭിപ്രായങ്ങൾ ആരായുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ എല്ലാ ബ്രാഞ്ച്, റീജ്യണൽ, സബ് റീജ്യണൽ, ഡിവിഷണൽ ഓഫീസുകളിലും സംവിധാനമുണ്ട്. പരാതികൾ സ്വീകരിക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരും നിലവിലുണ്ട്. |
| (ബി) ഇതിനായി ആക്ടീവ് വോയ്സ് റെസ്പോൺസ് സിസ്റ്റം ആരംഭിക്കുമോ ; | (ബി) ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് എസ്.എം.എസ്. അധിഷ്ഠിത ഐ.വി.ആർ.എസ്. ഹെൽപ്പ് ലൈൻ സേവനം ലഭ്യമാണ്. ഇതിനായി 9870801717 എന്ന നമ്പരിലേക്ക് ഇ.എസ്.ഐ.സി. എന്ന് എസ്.എം.എസ്. അയയ്ക്കാവുന്നതാണ്. |
| (സി) എവിടെയെല്ലാമാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ? | (സി) ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനമൊട്ടാകെ ഈ സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ